**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 232** **13-10-2021 - ൽ മറുപടിയ്ക്ക്**

**നദികൾ മാലിന്യമുക്തമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ്,<br>ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ കെ യു ജനീഷ് കുമാർ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഭാരതപ്പുഴ, പമ്പ, മണിമല തുടങ്ങിയ പ്രമുഖ നദികൾ ഉൾപ്പെടെ ഇരുപത്തിയൊന്ന് നദികൾ കൂടുതലായി മലിനീകരിക്കപ്പെട്ടുവെന്ന ആക്ഷേപം ഉള്ളതിനാൽ നദികളെ മാലിന്യമുക്തമാക്കുന്നതിനുള്ള പ്രവർത്തനം ഊർജ്ജിതപ്പെടുത്തുമോ; | (എ) | ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണലിന്റെ Original Application No.673/2018 ന്റെ ഉത്തരവിൽ രാജ്യത്ത് ഏറ്റവുമധികം മലിനീകരണ ഭീഷണി നേരിടുന്ന പുഴകൾ/പുഴകളുടെ ഭാഗങ്ങളുടെ പട്ടിക പ്രസിദ്ധീകരിച്ചിട്ടുള്ളതിൽ കേരളത്തിലെ 21 പുഴകൾ/പുഴകളുടെ ഭാഗങ്ങൾ ഉൾപ്പെടുന്നു. ഈ പട്ടികയിൽ ഭാരതപ്പുഴ, പമ്പ, മണിമല എന്നിവയും ഉൾപ്പെട്ടിട്ടുണ്ട്. ഭാരതപ്പുഴയിൽ പട്ടാമ്പി ഭാഗവും, പമ്പാ നദിയിൽ മാന്നാർ- തകഴി ഭാഗവും, മണിമലയാറ്റിൽ കല്ലൂർപ്പാറ-തോൺട്ര ഭാഗവുമാണ് കൂടുതലായി മലിനീകരിക്കപ്പെട്ട ഭാഗങ്ങൾ. ബഹു.നാഷണൽ ഗ്രീൻ ട്രിബ്യൂണലിന്റെ ഉത്തരവിൻ പ്രകാരം പ്രത്യേക കമ്മിറ്റികൾ രൂപീകരിക്കുകയും (റിവർ റിജ്യുവനേഷൻ കമ്മിറ്റിയും, ജില്ലാതല സാങ്കേതിക സമിതിയും) ഓരോ നദീഭാഗത്തേയും ശുചിയാക്കുന്നതിനുള്ള ആക്ഷൻ പ്ലാനുകൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. വിവിധ വകുപ്പുകളുടെ ഏകോപനത്തോടും സഹകരണത്തോടും കൂടി തയ്യാറാക്കിയിട്ടുള്ള ആക്ഷൻ പ്ലാൻ നിർദ്ദേശങ്ങൾ വിവിധ വകുപ്പുകളുടെ ചുമതലയിൽ നിർവ്വഹിച്ചു വരുന്നു. സംസ്ഥാന ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, പരിസ്ഥിതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി തുടങ്ങിയ ഉന്നത ഉദ്യോഗസ്ഥർ സമയബന്ധിതമായി റിവ്യൂ മീറ്റിംഗുകൾ നടത്തി പുരോഗതി വിലയിരുത്താറുണ്ട്. നദികളെ മാലിന്യമുക്തമാക്കുന്നതിന് വിവിധ വകുപ്പുകളുടെ ഏകോപനത്തോടുകൂടിയ പ്രവർത്തനം നിലവിൽ നടന്നു വരുന്നുണ്ട്. ജലസേചന വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ശാസ്ത്രീയമാക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ 44 നദികളുടെ/ നദീഭാഗങ്ങളുടെ ചുമതല ഓരോ എക്സിക്യൂട്ടീവ് |

എഞ്ചിനീയർമാർക്ക് നൽകിയിട്ടുണ്ട്. 2018, 2019 വർഷങ്ങളിലെ പ്രളയ ശേഷം നദികൾക്ക് സംഭവിച്ചിട്ടുള്ള മാറ്റങ്ങൾ/നിലവിലെ സ്ഥിതി എന്നിവ നേരിട്ട് കണ്ട് വിവരശേഖരണം നടത്തി വിശദമായ റിപ്പോർട്ട് തയ്യാറാക്കി തുടർ നടപടി സ്വീകരിക്കുകയാണ് ലക്ഷ്യം. കേരളത്തിൽ ഗുരുതരമായ മലിനീകരണം നേരിടുന്നുവെന്ന് കണ്ടെത്തിയ 21 നദികളെയും പുനർജ്ജീവിപ്പിക്കാനായി ഒരു വിശദമായ പദ്ധതി രേഖ (DPR) തയ്യാറാക്കുന്നതിലേയ്ക്കായി ജലവിഭവ വകുപ്പ് കേരളത്തിലെ വിവിധ എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും സംയുക്ത പരിശ്രമത്തോടു കൂടി "Tie up between Engineering Colleges and Water Resources Department” എന്ന കർമ്മ പദ്ധതി രൂപ കൽപന ചെയ്തിരുന്നു. ടി പദ്ധതിയുടെ ആദ്യപടിയായി പുഴ നടത്തം നടത്തി വെള്ളം ശേഖരിച്ച് അവലോകനം നടത്തി DPR തയ്യാറാക്കുക എന്ന ലക്ഷ്യത്തോടെ ആദ്യപടിയായി ജില്ലകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ നോഡൽ ഓഫീസർമാരായി ചുമതല ഏൽപ്പിക്കുകയും ടി 21 നദികൾ ഉൾപ്പെടുന്ന ജില്ലയിൽ വരുന്ന എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകരും വിദ്യാർത്ഥികളും ജലസേചന വകുപ്പിലെ ഉദ്യോഗസ്ഥരും മറ്റ് വികസന വകുപ്പുകളിലെ പ്രതിനിധികളും പ്രാദേശിക ജനപ്രതിനിധികളും പങ്കാളികളായി കൊണ്ടുള്ള പുഴ നടത്തം നടത്തി ജല സാംപിൾ ശേഖരിക്കുകയും ആയതിന്റെ ഗുണനിലവാര പരിശോധന എഞ്ചിനീയറിംഗ് കോളേജുകളിലെ ലാബുകളിൽ നടത്തുകയും ചെയ്തു. അതിൻപ്രകാരം കേരളത്തിലെ 21 പുഴകളുടേയും പുനരുജ്ജീവനത്തിനും മലിനീകരണ നിർമ്മാർജ്ജനത്തിനുമാവശ്യമായ ഡി.പി.ആർ എഞ്ചിനീയറിംഗ് കോളേജുകളും ജലസേചന വകുപ്പും ചേർന്ന് തയ്യാറാക്കിയിട്ടുണ്ട്. ഈ സംരംഭത്തിൽ കേരളത്തിലെ 41 എഞ്ചിനീയറിംഗ് കോളേജുകൾ ജലസേചന വകുപ്പുമായി സഹകരിക്കുകയും ഈ കൂട്ടായ്മയിലൂടെ 21 ഡി.പി.ആർ, കേവലം 14 ആഴ്ചക്കുള്ളിൽ തന്നെ പൂർത്തീകരിക്കുവാൻ സാധിക്കുകയും ചെയ്തു. ഇത്തരത്തിൽ തയ്യാറാക്കിയ ഡി.പി.ആറുകളുടെ വിശകലനം ഐ.ഡി. ആർ. ബി നടത്തുകയും അവയിൽ തിരുത്തലുകൾ വരുത്തി എഞ്ചിനിയറിംഗ് കോളേജുകളെ അറിയിക്കുകയും ചെയ്തു. പ്രസ്തുത തിരുത്തലുകൾ ഉൾക്കൊള്ളിച്ച പമ്പ നദിയുടെ പുതുക്കിയ ഡി.പി.ആർ ഐ.ഡി. ആർ. ബി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ മണിമല, ഭവാനി, രാമപുരം കല്ലായി എന്നീ നദികളുടെ

| | | | |
|---|---|---|---|
| | | | ഡി.പി.ആറുകളുടെ തിരുത്തലുകൾ വരുത്തുന്ന നടപടികൾ പുരോഗമിക്കുന്നു. |
| (ബി) | പമ്പ നദിയുടെ പുന:രുദ്ധാരണ പ്രവർത്തനത്തിനായി ആവിഷ്കരിച്ചിരുന്ന പമ്പ ആക്ഷൻ പ്ലാനിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (ബി) | പമ്പാ ആക്ഷൻ പ്ലാനിന്റെ രണ്ടാം ഘട്ടത്തിൽ ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങൾക്കായി 25 ലക്ഷം രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് പമ്പാ നദി ഒഴുകുന്ന 68 പഞ്ചായത്തുകളിലെയും 3 മുനിസിപ്പാലിറ്റികളിലെയും ഹരിതകേരള പദ്ധതിയിൽ നടത്തിയ വാട്ടർ ഷെഡിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് റിപ്പോർട്ടുകൾ, മലിനീകരണ നിയന്ത്രണ ബോർഡ് പമ്പയിലെ ജലം ടെസ്റ്റ് ചെയ്ത കഴിഞ്ഞ 3 വർഷത്തെ വിശദാംശങ്ങൾ, ശുചിത്വ മിഷന്റെ റിപ്പോർട്ടുകൾ, ജലസേചന വകുപ്പിന്റെ മുൻ പ്രോജക്ട് റിപ്പോർട്ടുകൾ തുടങ്ങിയവ ശേഖരിച്ച് DPR തയ്യാറാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. റ്റി.കെ.എം. എഞ്ചിനീയറിംഗ് കോളേജിലെ അദ്ധ്യാപകർ, ജലവിഭവ വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ്, കേരള വാട്ടർ അതോറിറ്റി, തദ്ദേശ സ്വയംഭരണ വകുപ്പ് ശുചിത്വ മിഷൻ തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു. |
| (സി) | അതിതീവ്ര മഴയുടെയും പ്രളയങ്ങളുടെയും ഫലമായി നദികളുടെ വാഹകശേഷിയിൽ ഉണ്ടായ ഇടിവ് പരിഹരിക്കുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ? | (സി) | 2018 ലെ മഹാ പ്രളയത്തെതുടർന്നും 2019 ലെ പ്രളയാനന്തരവും നദികളുടെ വാഹക ശേഷിയിൽ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. നദിയുടെ തീരങ്ങൾ ഇടിഞ്ഞും, മലയിടിച്ചിലിന്റെ ഭാഗമായി നദികളിൽ എത്തിച്ചേർന്ന അവശിഷ്ടങ്ങൾ അടിഞ്ഞും നദിയുടെ അടിത്തട്ടിലുണ്ടായ മാറ്റങ്ങൾ കാരണവുമാണ് നദികളുടെ വാഹകശേഷിയിൽ പ്രധാനമായും മാറ്റങ്ങൾ സംഭവിച്ചിട്ടുള്ളത്. ഇത് പരിഹരിക്കുന്നതിന് നദികളിൽ അടിഞ്ഞുകൂടി തിട്ടകളായി മാറിയ എക്കൽ/ചളി/മണൽ/മറ്റ് മാലിന്യങ്ങൾ എന്നിവ മാറ്റുന്നതിന് ബജറ്റ് വിഹിതം ഉപയോഗിച്ചുള്ള നടപടികൾ ജലസേചന വകുപ്പ് സ്വീകരിച്ച് വരുന്നു. കൂടാതെ, ജലസേചന നിർമ്മിതികളായ തടയണ/ റെഗുലേറ്റർ എന്നിവയുടെ സമീപം അടിഞ്ഞുകൂടിയ എക്കൽ/ചളി/ മണൽ/മറ്റ് മാലിന്യങ്ങൾ എന്നിവ മൂലമുണ്ടായ സംഭരണശേഷിക്കുറവ് മാറ്റുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ